സർക്കാർ ഭൂമി സംരക്ഷിക്കുന്നതിനുള്ള നടപടി

77 (1636) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് താലൂക്കിലെ തേക്കട വില്ലേജിൽപ്പെട്ട പൊതുപാറ സർക്കാർ ഭൂമി സംരക്ഷിക്കുന്നതിനായി സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും കേസ് ഹൈക്കോടതിയുടെ പരിഗണനയിലുണ്ടോ ;

(സി) ഈ കേസ് ഒത്തുതീർപ്പാക്കിയിട്ടുണ്ടോ എങ്കിൽ കോടതി ഉത്തരവ് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) നെടുമങ്ങാട് താലൂക്കിലെ തേക്കട വില്ലേജിൽ റീസർവേ 2413-ൽ ഉൾപ്പെട്ട 9 ഏക്കർ 50 സെന്റ് ശ്രീ. പണ്ടാര വക തരിശുഭൂമി സർക്കാരിലേക്ക് ഏറ്റെടുക്കുകയും ടി ഭൂമിയിലെ ആദായം ലേലം ചെയ്തു സർക്കാരിലേക്ക് മുതൽകൂട്ടുവാൻ നടപടി സ്വീകരിക്കുകയും ചെയ്യുന്നു.

(ബി) ഉണ്ട്.

(സി) കേസ് തീർപ്പായിട്ടില്ല.

അഭയാർത്ഥികളെ മാറ്റി താമസിപ്പിക്കുവാൻ നടപടി

78 (1638) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പതിനഞ്ചു വർഷംമുൻപ് താൽക്കാലിക ദുരിതാശ്വാസ കേന്ദ്രമായി മാറ്റപ്പെട്ട തിരുവനന്തപുരം വലിയതുറ ഗവൺമെന്റ് എൽ. പി. എസ്.-ൽ താമസിച്ചിരുന്ന അഭയാർത്ഥികളിൽ എത്ര പേർ ഇന്നും അവിടെ താമസിക്കുന്നുണ്ട് ;

(ബി) അവരുടെ മക്കളും ബന്ധുക്കളുമായി ഇപ്പോൾ പ്രസ്തുത സ്കൂളിൽ എത്ര അന്തേവാസികളുണ്ട് ;

(സി) ഇവരെ മാറ്റിത്താമസിപ്പിക്കുവാൻ ഗവൺമെന്റിന് എന്തെങ്കിലും പദ്ധതിയുണ്ടോ ; എങ്കിൽ എന്തെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) പത്ത് കുടുംബങ്ങൾ നിലവിൽ താമസിക്കുന്നുണ്ട്.

(ബി) പത്ത് കുടുംബങ്ങളിലായി ആകെ 34 പേർ താമസിച്ചുവരുന്നുണ്ട്.

(സി) ചാക്ക ഗവൺമെന്റ് ഐ.ടി.ഐ. യുടെ സമീപത്തുള്ള പുറംപോക്ക് ഭൂമിയിൽ തങ്ങളെ പുനരധിവസിപ്പിക്കണമെന്ന് അഭയാർത്ഥികൾ നിവേദനം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ അന്തിമ തീരുമാനമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly